# കടലെടുത്ത തീരങ്ങളിൽ കനിവിന്റെ തേന്മഴ

***സൂനാമി ദുരന്തബാധിത പ്രദേശങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി കേരള ഘടകം നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച്***

**2004** ഡിസംബർ 26. ഒരു ജനതയുടെ ജീവിതവും സ്വപ്നങ്ങളും തകർത്തെറിഞ്ഞ സൂനാമി തിരമാലകൾ കടൽതീരങ്ങളെ വിഴുങ്ങിയത് അന്നായിരുന്നു. ഉയർന്നുപൊങ്ങി കരയിലേക്കാഞ്ഞടിച്ച തിരകൾ തിരിച്ചുപോയപ്പോൾ അനേകം ജീവിതങ്ങളും ജീവിതോപാധികളും കിടപ്പാടങ്ങളുമുൾപ്പെടെ വിലപ്പെട്ട പലതും കൂടെ കൊണ്ടുപോയിരുന്നു. ശാസ്ത്രനേട്ടങ്ങളുടെയും സാങ്കേതികവിദ്യകളുടെയും പരിമിതികളും മനുഷ്യന്റെ നിസ്സഹായതയും ജീവിതത്തിന്റെ ക്ഷണികതയും നമ്മെ ബോധ്യപ്പെടുത്തി സൂനാമി ദുരന്തം.

ഇന്തോനേഷ്യ, ശ്രീലങ്ക, മാലിദ്വീപ്, ഇന്ത്യയിലെ തമിഴ്നാട്, ആന്ധ്രപ്രദേശ്, കേരളം, ആൻഡമാൻ നിക്കോബാർ ദ്വീപുസമൂഹം തുടങ്ങിയ സ്ഥലങ്ങളിലാണ് സൂനാമി ദുരന്തമുണ്ടായത്. ഒന്നര ലക്ഷംപേർ മരിക്കുകയും 50 ലക്ഷമാളുകൾ ഭവനരഹിതരാവുകയും ചെയ്ത ദുരന്തത്തിൽ കോടികളുടെ നാശനഷ്ടങ്ങളാണുണ്ടായത്. കേരളത്തിൽ സൂനാമി ഏറ്റവുമധികം ബാധിച്ചത് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പഞ്ചായത്തിലാണ്. ആലപ്പുഴ, തൃശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിലും സൂനാമി ജീവഹാനിയും ഏറെ നാശനഷ്ടങ്ങളും വരുത്തിവെച്ചു.

### ജമാഅത്തെ ഇസ്‌ലാമിയുടെ സേവനങ്ങൾ

സൂനാമി തിരകൾ നക്കിത്തുടച്ച കടലോരങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കർമകാണ്ഡങ്ങൾ തീർത്ത് ദുരന്തത്തിന്റെ ഒന്നാംനാൾ മുതൽ ജമാഅത്തെ ഇസ്‌ലാമി നിറഞ്ഞുനിന്നു. കടൽവെള്ളത്തേക്കാൾ ഉപ്പുരസമുള്ള കണ്ണുനീർ ചാലിട്ടൊഴുകിയ തീരദേശങ്ങളിൽ സാന്ത്വനത്തിന്റെ സ്നേഹസന്ദേശവുമായി ജമാഅത്തെ ഇസ്‌ലാമി കടന്നുചെന്നു. 'ഭീകരമായ ശാന്തത' നിറഞ്ഞുനിന്ന തീരപ്രദേശങ്ങളിൽ, ദുഃഖം തളംകെട്ടി തളർന്നിരുന്ന തപ്തമാനസങ്ങളിൽ, ആർത്തനാദങ്ങൾ നിലക്കാത്ത അഭയാർഥി ക്യാമ്പുകളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾ തേന്മഴയായി പെയ്തിറങ്ങി. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരുടെ ദീനവിലാപങ്ങൾ, അംഗഭംഗം സംഭവിച്ചവരുടെയും മുറിവേറ്റവരുടെയും വേദനകൾ, നാണം മറയ്ക്കാൻ ഉടുവസ്ത്രം പോലുമില്ലാത്തവർ, ഭക്ഷണത്തിനുവേണ്ടി ക്യൂനിൽക്കുന്നവർ, ചീഞ്ഞളിഞ്ഞ ദുർഗന്ധം വമിക്കുന്ന മാലിന്യക്കൂമ്പാരങ്ങൾ, അഭയാർഥി ക്യാമ്പുകൾ, ആശുപത്രികൾ..... എല്ലായിടത്തും ഓടിയെത്തിയ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ അറ്റുപോയ ജീവിതങ്ങൾ തുന്നിച്ചേർക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. കണ്ണെത്താ ദൂരത്ത് മിഴിനട്ടിരുന്ന ആലംബഹീനരായ സൂനാമി ബാധിതർ മാനത്തുനിന്നു മണ്ണിലേക്കിറങ്ങിയ മാലാഖമാരെപ്പോലെയാണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരെ കണ്ടതെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. ഗവൺമെന്റും സർക്കാർ ഏജൻസികളും ഉദ്യോഗസ്ഥന്മാരും മുഖ്യധാരാരാഷ്ട്രീയ പാർട്ടികളും എന്തുചെയ്യണമെന്നറിയാതെ സ്തംഭിച്ചു നിന്നപ്പോൾ ആർജവത്തോടെ ദുരന്തബാധിത പ്രദേശങ്ങളിലേക്ക് കടന്നുചെന്ന് ദുരിതാശ്വാസപ്രവർത്തനങ്ങളിലേർപ്പെടാനും ആദ്യഘട്ടങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാനും ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർക്ക് സാധിച്ചു. അഴിമതിയും കെടുകാര്യസ്ഥതയും സർക്കാർ സംവിധാനങ്ങളെ നിഷ്ക്രിയമാക്കുകയും സ്ഥാപിതതാൽപര്യങ്ങൾ മറ്റുപലരുടെയും പ്രവൃത്തികൾക്കുമേൽ നിഴൽപരത്തുകയും ചെയ്തപ്പോൾ നിസ്വാർഥതയോടെയുള്ള ജീവകാരുണ്യപ്രവർത്തനങ്ങളിലാണ് ജമാഅത്തെ ഇസ്‌ലാമി ഏർപ്പെട്ടത്.

# അവർ പറയുന്നു

ജമാഅത്തെ ഇസ്‌ലാമിയുടെ സൂനാമി ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ച് രാഷ്ട്രീയ- സാംസ്കാരിക രംഗത്തെ പ്രമുഖരുടെ വിലയിരുത്തലുകൾ.

### എൻ.കെ പ്രേമചന്ദ്രൻ എം.പി



അത്ഭുതപ്പെടുത്തുന്ന കാഴ്ചയാണ് സൂനാമി ദുരിതബാധിത പ്രദേശത്ത് ജമാഅത്തെ ഇസ്‌ലാമി നടത്തിയ സേവനപ്രവർത്തനങ്ങൾ. ഇസ്‌ലാമി കാശയങ്ങൾ ഉയർത്തിപ്പിടിച്ചു പ്രബോധനം നടത്തുന്ന, അതിനുവേണ്ടി ജീവത്യാഗം ചെയ്യാൻ വരെ സന്നദ്ധരാകുന്നവരാണവർ. ഇസ്‌ലാമിൽ അടിയുറച്ച് വിശ്വസിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയാണ് സൂനാമി ബാധിത പ്രദേശത്ത് ആശ്വാസത്തിന്റെ സഹായ ഹസ്തവുമായെത്തിയത്. മുസ്‌ലിം കുടുംബങ്ങൾ ഒന്നോ രണ്ടോ മാത്രമുള്ള തീരപ്രദേശങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ, എടുത്തുപറയാവുന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചത് ജമാഅത്തെ ഇസ്‌ലാമിയാണ്. അതാണ് യഥാർഥ ഇസ്‌ലാം. സങ്കുചിതത്വങ്ങളും പൗരോഹിത്യ ചിന്തകളുമില്ലാത്ത സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് ഇസ്‌ലാം ലോകത്തെ പഠിപ്പിച്ചത്. പലരുടെയും പ്രവർത്തനങ്ങൾക്ക് പലതാൽപര്യങ്ങളുമുണ്ട്. പക്ഷേ, ജമാഅത്തെ ഇസ്‌ലാമിക്ക് മനുഷ്യ സമൂഹത്തോടാണ് താൽപര്യം. പരിശുദ്ധ ഖുർആനും പ്രവാചകനും പഠിപ്പിക്കുന്ന ഇസ്‌ലാമിന്റെ വികാരവിചാരങ്ങൾ ഉള്ളിൽതട്ടിയ പ്രവർത്തനമാണവരുടേത്. വീടുകൾ, ഫൈബർ ബോട്ടുകൾ, തയ്യൽ മെഷീനുകൾ തുടങ്ങിയവയെല്ലാം ആശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കൈത്തിരിയാണ്. മാനവസമൂഹത്തെ ഒന്നായി കണ്ടുകൊണ്ട് ദുർബലവിഭാഗങ്ങൾക്ക് ആശ്വാസമെത്തിക്കാൻ സാധിക്കുന്ന വിശാലമായ കാൻവാസിൽ വിശ്വാസത്തെ കാണുന്ന ഉയർന്ന മാനസികാവസ്ഥ ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്. പലിശക്കെതിരിലുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പോരാട്ടങ്ങളും പലിശരഹിത ബാങ്കുകളും ഇതിന്റെ തെളിവാണ്.

### ഡോ. കെ.എസ് മനോജ് എം.പി



ലാഭനഷ്ട ചിന്തകളോടെയാണ് എല്ലാവരും എല്ലാറ്റിനെയും നോക്കിക്കണുന്നത്. സേവനമേഖലയിലും നമുക്കിത് കാണാം. സൂനാമി ബാധിത മേഖലയിൽ ആദ്യ നാളുകളിൽ തന്നെ ജമാഅത്തെ ഇസ്‌ലാമി ഉണ്ടായിരുന്നു. ഇപ്പോൾ പുനരധിവാസ പ്രവർത്തനരംഗത്തും ജമാഅത്ത് പ്രവർത്തിക്കുന്നു. ഈ മേഖലയിൽ ഭാവിയിലും ജമാഅത്തെ ഇസ്‌ലാമി ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ പലിശരഹിത സാമ്പത്തിക സംവിധാനം എന്നെ വല്ലാതെ ആകർഷിക്കുകയുണ്ടായി. ഇസ്‌ലാമിക് ബാങ്കിനെക്കുറിച്ച ചർച്ച ഞാൻ പാർലമെന്റിൽ വെക്കുകയുണ്ടായി. ഭാരതത്തിൽ അത് നടപ്പിലാക്കാൻ നിർവാഹമില്ലെന്നും പല പുറംനാടുകളിലെയും ബാങ്കുകളിൽ അത്തരം കൗണ്ടറുകളുണ്ടെന്നുമാണ് എനിക്ക് ലഭിച്ച മറുപടി.

### അഡ്വ. സി.എസ് സുജാത എം.പി



സമൂഹത്തിൽനിന്ന് നന്മ നശിച്ചുപോകുന്ന കാലമാണിത്. ദുരന്തഭൂമിയിൽ ജമാഅത്തെ ഇസ്‌ലാമി നടത്തിയ ചുറുചുറുക്കുള്ള പ്രവർത്തനങ്ങൾ എന്നെ ഏറെ സന്തോഷിപ്പിക്കുകയുണ്ടായി. സമൂഹത്തോടുള്ള കടപ്പാടും ഉത്തരവാദിത്വവും നിർവഹിക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി ഏറെ മുന്നിൽ നിൽക്കുന്നു. പുണ്യകർമമാണിത്. വിവിധ മേഖലകളിൽ ജമാഅത്തെ ഇസ്‌ലാമി നടത്തുന്ന സേവന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

### ജസ്റ്റിസ് നാരായണക്കുറുപ്പ്



മനുഷ്യരെ സേവിക്കുന്നത് ദൈവത്തിനുള്ള ആരാധനയാണെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. നിസ്വാർഥ ജനസേവകരുടെ അഭാവം നമ്മുടെ സമൂഹം ഇന്നനുഭവിക്കുന്നുണ്ട്. സേവനം വിവേചനരഹിതമാകണം. മത, ജാതി, വർഗ, വർണ വ്യത്യാസങ്ങളില്ലാത്തതാകണം. അതുതന്നെയാണ് ജമാഅത്തെ ഇസ്‌ലാമി ചെയ്തത്. ജമാഅത്തെ ഇസ്‌ലാമിയുടെ സേവനങ്ങൾ ശ്ലാഘനീയമാണ്. ജനസേവനരംഗത്ത് തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കി പ്രവർത്തിക്കുന്നുണ്ട് ജമാഅത്ത്. മനുഷ്യസ്നേഹമുള്ള, സഹായ മനോഭാവമുള്ള പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി.

### കെ.സി വേണുഗോപാൽ

**(മുൻ ഫിഷറീസ് വകുപ്പ് മന്ത്രി)**



സൂനാമി ദുരിത ബാധിത പ്രദേശങ്ങളിൽ സേവന പ്രവർത്തനങ്ങൾ നടത്താൻ ജമാഅത്തെ ഇസ്‌ലാമി കടന്നുവന്നത് അങ്ങേയറ്റത്തെ ബഹുമാനത്തോടെയും ആദരവോടെയുമാണ് ഞാൻ നോക്കി കാണുന്നത്. ആറാട്ടുപുഴയിലും ആലപ്പാട് പഞ്ചായത്തിലും ജമാഅത്തെ ഇസ്‌ലാമി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. സമൂഹത്തിന്റെ വേദനയും കഷ്ടപ്പാടുകളും അവസാനിപ്പിക്കുന്ന പ്രവൃത്തികൾ ആരും നിർബന്ധിക്കാതെ ആരും ആവശ്യപ്പെടാതെയാണ് ജമാ

നന്മയും കാരുണ്യവും പരോപകാരതൽപരതയും കിട്ടാക്കനിയായി മാറിയ ഈ ഊഷരഭൂമിയിൽ മരുഭൂമികൾ പൂക്കുന്ന കാഴ്ചയാണ് അതുവഴി കാണാനായത്. ദുരന്തഭൂമികളെ ലാഭം കൊയ്യാവുന്ന 'ബിസിനസ് മേഖലകളും' ദുരിതബാധിതരെ ചൂഷണം ചെയ്യാവുന്ന 'ഉപഭോക്താക്കളും' ആയി കാണുന്ന വ്യാപാരവൽകൃത ലോകത്ത് ഉറവവറ്റാത്ത കാരുണ്യത്തിന്റെ നിർഝരി ഒഴുക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധിച്ചു. പ്രത്യുപകാരം പ്രതീക്ഷിക്കാത്ത, നന്ദിവാക്കുകൾ പോലും ആഗ്രഹിക്കാത്ത നിസ്വാർഥ സേവനങ്ങളുടെ ഏകപ്രചോദനം 'മനുഷ്യരെ സ്നേഹിച്ചും സേവിച്ചും ദൈവ പ്രീതിയും പരലോക മോക്ഷവും നേടുക' എന്നതുമാത്രമാണ്. സ്രഷ്ടാവിനോടുള്ള സ്നേഹവും ആരാധനയും പൂർത്തീകരിക്കപ്പെടണമെങ്കിൽ സൃഷ്ടികളെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഏക ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് മനുഷ്യരെ ഏകോദര സഹോദരന്മാരായി മാത്രമേ കാണാൻ കഴിയൂ. വിശ്വമാനവികതയുടെ ഈ വിശാലമനസ്സാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സേവനപ്രവർത്തനങ്ങളുടെ ഭൂമിക നിർണയിക്കുന്നത്. സങ്കുചിത മത-ജാതി വിഭാഗീയതകളുടെയും തൽപരകക്ഷികൾ തീർക്കാൻ ശ്രമിച്ച വർഗീയ ധ്രുവീകരണത്തിന്റെ മതിൽക്കെട്ടുകൾ മനുഷ്യസാഹോദര്യത്തിന്റെയും മാനവസ്നേഹത്തിന്റെയും മഹാപ്രവാഹം കൊണ്ട് തകർത്തെറിഞ്ഞാണ് സൂനാമി ദുരിതബാധിത പ്രദേശങ്ങളിലെ ജമാഅത്തെ ഇസ്‌ലാമിയുടെ സേവനപ്രവർത്തനങ്ങൾ മുന്നോട്ടുപോ

അത്തെ ഇസ്‌ലാമി ഏറ്റെടുത്തത്. ഒരു തീരുമാനമെടുത്താൽ അത് നടപ്പിലാക്കാനുള്ള കരുത്ത് ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്. പലിശ രഹിത സാമ്പത്തിക വ്യവസ്ഥ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ എന്നെ ഏറെ ആകർഷിക്കുകയുണ്ടായി. തീവ്രവാദ പ്രവർത്തനങ്ങളുമായി ജമാഅത്തെ ഇസ്‌ലാമിക്ക് ബന്ധമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

**കെ. ദേവകി**

**(കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)**



പ്രത്യേക സമുദായത്തെ പ്രതിനിധീകരിക്കുകയും അത്തരം ആശയം ഉൾക്കൊള്ളുകയും ചെയ്യുന്ന സംഘടനയാണെന്നായിരുന്നു ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് എന്റെ ധാരണ. എന്നാൽ, മനുഷ്യരെ ജാതിക്കും മതത്തിനും അതീതമായി ചിന്തിക്കുകയും സേവിക്കുകയും ചെയ്യുന്നവർ ഇപ്പോഴുമുണ്ടെന്ന് ജമാഅത്തെ ഇസ്‌ലാമി തെളിയിക്കുന്നു. മനുഷ്യരെ സഹോദരന്മാരായികണ്ട് സേവിക്കാൻ മനുഷ്യനന്മ ഉള്ളിലുള്ളവർക്കുമാത്രമേ സാധിക്കുകയുള്ളൂ. മാതൃകാപരമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സേവനപ്രവർത്തനങ്ങൾ. നല്ല പ്രതീക്ഷയുടെ ഒരു സമൂഹം നമ്മുടെ മുമ്പിലുണ്ടെന്ന വിശ്വാസം ജമാഅത്തെ ഇസ്‌ലാമി ഉയർത്തുന്നു. ഈ പാത മഹത്തരമാണ്.

**വി. ദിനകരൻ** **(മുൻ എം.എൽ.എ)**



സൂനാമി ദുരിത ബാധിതരെ സഹായിക്കാൻ ലോകാടിസ്ഥാനത്തിൽ നിരവധി ഫണ്ടുകളും സംഘടനകളുമുണ്ട്. എന്നാൽ സൂനാമി ദുരന്തവുമായി ബന്ധപ്പെട്ട് പിരിഞ്ഞുകിട്ടിയ സഹായത്തിന്റെ കണക്ക് ഇതുവരെ വ്യക്തമാക്കിയ ഏക സംഘടന ജമാഅത്തെ ഇസ്‌ലാമി മാത്രമാണ്. ആദ്യമായി അതുപറഞ്ഞത് ജമാഅത്തെ ഇസ്‌ലാമിയാണ്. സദുദ്ദേശ്യമാണ് ജമാഅത്തിനുള്ളത്. ദൈവത്തിന്റെ സൃഷ്ടികളും സഹോദരന്മാരുമാണ് എന്ന കാഴ്ചപ്പാടാണ് ദുരന്തബാധിതരെ കുറിച്ച് ജമാഅത്തിനുള്ളത്. മറ്റുള്ള എല്ലാവർക്കും ഇത് സാധിക്കുമോ എന്നെനിക്കറിയില്ല. ഒരു തീരുമാനമെടുത്താൽ അത് പൂർണമായും അംഗീകരിക്കുന്നവരാണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ. ആദർശനിഷ്ഠയുള്ള സമീപനമാണ് ജമാഅത്തിന്റേത്. ഇത് എല്ലാവർക്കും ഉണ്ടെങ്കിൽ ഇവിടെ വർഗീയതയോ സംഘർഷങ്ങളോ ഉണ്ടാവില്ല.

**ജി. രാജാദാസ്**

**(ആലപ്പാട് പഞ്ചായത്ത് പ്രസിഡന്റ്)**



ആലപ്പാട് പഞ്ചായത്തിലെ സൂനാമി ദുരിത ബാധിത പ്രദേശത്ത് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരോ സംഘടനാ സംവിധാനമോ ഘടകങ്ങളോ ഇല്ല. പക്ഷേ, ദുരന്തഭൂമിയിൽ ആദ്യമെത്തിയത് അവരാണ്. ചീഞ്ഞളിഞ്ഞ മൃതദേഹങ്ങൾ കൈയിൽ ഗ്ലൗസുപോലുമിടാതെ മാറോടടുക്കിപ്പിടിച്ച് കൊണ്ടുപോകുന്ന ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ ഞങ്ങളുടെ മനസ്സിൽ എരിഞ്ഞുനിൽക്കുകയാണ്. അവരുടെ സേവനവും ആത്മാർഥതയും കണ്ട ഞങ്ങളുടെ മനസ്സ് വിതുമ്പിപ്പോയി. സങ്കുചിത ചിന്താഗതിക്കാർക്കല്ല ഉയർന്ന സംസ്കാരമുള്ളവർക്കുമാത്രമേ ഇങ്ങനെ ജനങ്ങളെ സേവിക്കാൻ കഴിയൂ. പുസ്തകങ്ങളിലും മാധ്യമങ്ങളിലും ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് വരച്ചിട്ട ചിത്രങ്ങൾ മനസ്സിൽനിന്ന് മാഞ്ഞു എന്നതാണ് ഏറ്റവും പ്രധാനം. 2004 ഡിസംബർ 26-ന് മുമ്പ് ഇത്തരമൊരു ചിത്രമായിരുന്നില്ല ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് പത്രമാധ്യമങ്ങൾ ഞങ്ങൾക്കു നൽകിയതെന്ന് ഞാൻ ക്ഷമാപണത്തോടെ പറയുന്നു. അതിൽനിന്ന് വ്യത്യസ്തമായ ഒരു ജമാഅത്തെ ഇസ്‌ലാമിയെയാണ് ഞങ്ങൾക്ക് ഇവിടെ അനുഭവിക്കാൻ കഴിഞ്ഞത്. മതനിരപേക്ഷതയുടെ കാവലാളായി ജമാഅത്തെ ഇസ്‌ലാമി മാറി എന്നതാണ് സത്യം. ആലപ്പാട് പഞ്ചായത്തിലെ 30,000 വരുന്ന ജനങ്ങളുടെ മനസ്സ് ജമാഅത്തെ ഇസ്‌ലാമിയോടൊപ്പമുണ്ട്.

**പി. രാധാകൃഷ്ണൻ**

**(സെക്രട്ടറി, വ്യാസ സ്മാരക അരയജനസഭ)**



ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതിയാണ് ജമാഅത്തെ ഇസ്‌ലാമി നടപ്പിലാക്കിയത്. മനുഷ്യരുടെ കണ്ണീരൊപ്പാൻ വേണ്ടിയുള്ള ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ അനുകരണീയമാണ്. ഗവൺമെന്റ് ഈ രംഗത്ത് നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചത്. പല സന്നദ്ധസംഘടനകളും പ്രവർത്തനങ്ങൾ പാതിവഴിയിൽ ഉപേക്ഷിച്ചു. അത്തരമൊരവസ്ഥയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ ഏറെ വിലമതിക്കേണ്ടതാണ്. ജമാഅത്തെ ഇസ്‌ലാമി ഞങ്ങളുടെ പ്രദേശത്ത് മനുഷ്യത്വപരമായ സേവനം തുടരണം.

**പ്രശാന്ത് കുമാർ** **(എസ്.എൻ.ഡി.പി)**



സൂനാമി ദുരന്തമുണ്ടായി മണിക്കൂറുകൾക്കകം ഉടുതുണിക്ക് മറുതുണിയില്ലാതെ അർധനഗ്നരായി ചെന്ന ഞങ്ങൾക്ക് ആദ്യം തന്നെ സഹായഹസ്തം നീട്ടിയ സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. ഊണും ഉറക്കവുമില്ലാതെ അഹോരാത്രം കഷ്ടപ്പെട്ട് ദുരിതബാധിതർക്ക് ഭക്ഷണം നൽകാനും സാന്ത്വനപ്പെടുത്താനും ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ ശുഷ്കാന്തി കാണിച്ചു. ചീഞ്ഞുനാറിയ ഈ പ്രദേശം ശുചീകരിക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി നടത്തിയ സേവനം വിലപ്പെട്ടതാണ്. ■

യത്.

സൂനാമി ബാധിച്ച പല പ്രദേശങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആദ്യമെത്തിയത് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരായിരുന്നു. ഇന്ന്, ഫയലുകളടച്ച് ഗവൺമെന്റും ആരവങ്ങളവസാനിപ്പിച്ച് സന്നദ്ധസംഘടനകളും ഏറക്കുറെ പിൻവാങ്ങിക്കഴിഞ്ഞിട്ടും ജമാഅത്തെ ഇസ്‌ലാമിയുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുകയാണ്. 2004 ഡിസംബറിൽ ഏറ്റെടുത്ത ദൗത്യം ഭംഗിയായി പൂർത്തീകരിക്കാൻ 2007 മാർച്ചിലും പ്രസ്ഥാനപ്രവർത്തകർ ഊർജസ്വലതയോടെ കർമരംഗത്തുണ്ട്.

സൂനാമി ഏറ്റവുമധികം നാശനഷ്ടങ്ങൾ വരുത്തിയ ഇന്തോനേഷ്യയിലെ ബന്ദ് ആച്ചെ, 600 പേർ മരിച്ച കന്യാകുമാരിക്കടുത്ത കൊളച്ചൽ, ആൻഡമാൻ നിക്കോബാർ ദ്വീപുസമൂഹങ്ങൾ തുടങ്ങിയ സ്ഥലങ്ങളും കേരളത്തിൽ ദുരന്തം ഏറ്റവും കൂടുതൽ ബാധിച്ച കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, എറണാകുളം ജില്ലയിലെ എടവനക്കാട്, എളങ്കുന്നപ്പുഴ തൃശൂർ ജില്ലയിലെ എറിയാട് തുടങ്ങിയ സ്ഥലങ്ങളിലും ജമാഅത്തെ ഇസ്‌ലാമി ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവഹിക്കുകയുണ്ടായി.

അഭയാർഥി ക്യാമ്പുകൾ തുറക്കുക, ഭക്ഷണം, വസ്ത്രം, കുടിവെള്ളം തുടങ്ങിയവ വിതരണം ചെയ്യുക, പ്രാഥമികാവശ്യത്തിന് സൗകര്യമൊരുക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, മരുന്നുകൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ തടയുക, മൃതദേഹങ്ങൾ

സംസ്കരിക്കുക, പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും ആശുപത്രികൾക്കും സഹായമെത്തിക്കുക, ആംബുലൻസ് സർവീസ്, വളർത്തുമൃഗങ്ങളുടെ ശവങ്ങളും കെട്ടിടാവശിഷ്ടങ്ങളും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുക തുടങ്ങിയവയായിരുന്നു ദുരിതാശ്വാസപ്രവർത്തനത്തിന്റെ ഒന്നാംഘട്ടം. ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കുക, വീടുകൾ പൂർണമായി നശിച്ചവർക്ക് പുതിയ ഭവനങ്ങൾ നിർമിക്കുക, ബോട്ടുകൾ, ചെറുവള്ളങ്ങൾ, വിവിധ തരം വലകൾ തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾ,തയ്യൽ മെഷിൻ, ഓട്ടോറിക്ഷ, സൈക്കിൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാ സഹായം, സ്വാശ്രയസംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം തുടങ്ങിയവ നൽകുന്ന പുനരധിവാസപ്രവർത്തനങ്ങളാണ് രണ്ടാംഘട്ടത്തിൽ നിർവഹിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമി ഏറ്റെടുത്ത പദ്ധതികളിൽ 95 ശതമാനത്തിലേറെയും പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തുകഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾ ഏതാനും നാളുകൾക്കകം പൂർത്തീകരിക്കപ്പെടും.

സ്കൂൾ വിദ്യാർഥികൾ നൽകിയ നാണയത്തുട്ടുകൾ മുതൽ ഉദാരമനസ്കരായ സമ്പന്നർ നൽകിയ വൻതുകകൾ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരിൽനിന്ന് ലഭിച്ച സംഭാവനകളാണ് ദുരിതാശ്വാസ പുനരധിവാസ-പ്രവർത്തനങ്ങളുടെ സാമ്പത്തിക സ്രോതസ്സ്. ജമാഅത്തെ ഇസ്‌ലാമിയുടെ അന്നത്തെ സംസ്ഥാന അധ്യക്ഷൻ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിന്റെ അഭ്യർഥന സ്വീകരിച്ച് സ്വദേശത്തും വിദേശത്തുമുള്ള നാനാജാതിമതസ്ഥരും രാഷ്ട്രീയ പ്രവർത്തകരും മറ്റും ദുരന്തനാൾ മുതൽതന്നെ ജമാഅത്തെ ഇസ്‌ലാമിയുടെ സൂനാമി ഫണ്ടിലേക്ക് അകമഴിഞ്ഞ് സംഭാവനകൾ നൽകി. രണ്ട്കോടി മുപ്പത്തിമൂന്ന ലക്ഷം രൂപയാണ് സംഭാവനയായി പിരിഞ്ഞുകിട്ടിയത്. കിട്ടിയ പണത്തിന്റെ വ്യക്തമായ കണക്ക് പ്രസിദ്ധീകരിക്കുകയും അത് പൂർണമായും സൂനാമി ബാധിതർക്കായി വിനിയോഗിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു ജമാഅത്ത്: "സൂനാമി ഫണ്ടിലേക്ക് പിരിഞ്ഞുകിട്ടിയ ഓരോ പൈസയും ദൈവത്തിന്റേതാണ്, ജനങ്ങളുടേതാണ് എന്ന് ജമാഅത്തെ ഇസ്‌ലാമി മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ ഫണ്ടിലെ അവസാന പൈസയും ദുരിതബാധിതരായ ജനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ ചെറിയ പ്രസ്ഥാനത്തെ ആളുകൾ വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഈ സംഖ്യ ഞങ്ങൾക്ക് ലഭിച്ചത്. ഈ 2 കോടി 33 ലക്ഷം രൂപ 4 കോടിയുടെ ഫലം കിട്ടുന്ന രീതിയിൽ ചെലവഴിക്കണമെന്നാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്." ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അധ്യക്ഷൻ ടി. ആരിഫലി സാഹിബിന്റെ ഈ പ്രഖ്യാപനത്തെ അന്വർഥമാക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളാണ് ജമാഅത്തെ ഇസ്‌ലാമി നടത്തിയത്. ഗവൺമെന്റിന്റെയും രാഷ്ട്രീയപാർട്ടികളുടെയും സന്നദ്ധസംഘടനകളുടെ പോലും ഫണ്ട് വിനിയോഗത്തെക്കുറിച്ച് ഉയർന്ന വിവാദങ്ങൾ ഇപ്പോഴും കെട്ടടങ്ങിയിട്ടില്ലെന്ന് നാമോർക്കേണ്ടതുണ്ട്. ഈ രംഗത്തും ജമാഅത്തെ ഇസ്‌ലാമി വേറിട്ടുനിൽക്കുന്നു.

പദ്ധതി നടത്തിപ്പിലെ ആസൂത്രണവും സുതാര്യതയും നിർമാണപ്രവർത്തനങ്ങളുടെ പൂർണതയും ഭദ്രതയും ഫണ്ട് വിനിയോഗത്തിലെ വിശ്വാസ്യതയും പ്രവൃത്തികളിലെ ആത്മാർഥതയും നേരിട്ടുള്ള നടത്തിപ്പും പാർശ്വവൽകൃതർക്കും അവഗണിക്കപ്പെട്ടവർക്കും നൽകിയ മുൻഗണനയും രാഷ്ട്രീയ സ്വാധീനങ്ങളിൽനിന്നും സങ്കുചിതതാൽപര്യങ്ങളിൽനിന്നുമുള്ള മുക്തിയും ജമാഅത്തെ ഇസ്‌ലാമിയുടെ ദുരിതാശ്വാസപ്രവർത്തനങ്ങളുടെ സവിശേഷതയാണെന്ന് ഗുണഭോക്താക്കളും സന്നദ്ധസംഘടനകളുടെയും വിവിധ കരയോഗങ്ങളുടെയും അരയസമാജങ്ങളുടെയും ഭാരവാഹികളും ജില്ലാ-പഞ്ചായത്ത് ഭരണാധികാരികളും ഒരേ സ്വരത്തിൽ പറയുന്നു. സൂനാമി ബാധിത പ്രദേശങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർക്ക് ലഭിക്കുന്ന സ്നേഹവും സ്വീകരണവും ജനങ്ങളുടെ മുഖത്ത് നിറയുന്ന വിവരിക്കാനാകാത്ത സന്തോഷവും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സേവനപ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരത്തിന്റെ ഉത്തമ നിദർശനങ്ങളാണ്. സൂനാമി ബാധിതരുടെ പുനരധിവാസ രംഗത്ത് പ്രവർത്തിച്ച ഏക മുസ്‌ലിം സംഘടനയെന്ന പ്രത്യേകതയും ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്.

**ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

ദുരന്തമുണ്ടായി ഏതാനും മിനിറ്റുകൾക്കകം തന്നെ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനത്തിനിറങ്ങി. ജീവൻ പണയം വെച്ചാണ് പ്രവർത്തകർ ദുരന്തസ്ഥലങ്ങളിൽ കുതിച്ചെത്തിയത്. പരിക്കേറ്റവരെ ആശുപത്രികളിലെത്തിച്ചും അവശിഷ്ടങ്ങൾക്കിടയിൽനിന്ന് മൃതദേഹങ്ങൾ കണ്ടെടുത്തും അവർ രക്ഷാപ്രവർത്തനങ്ങളിൽ വ്യാപൃതരായി.

കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിൽ ജമാഅത്ത് പ്രവർത്തകൻ സലീമിന്റെ 'സൗഹൃദം' എന്നു പേരുള്ള അംബാസഡർ കാറും ജമാഅത്തെ ഇസ്‌ലാമിയുടെ ആംബുലൻസുമാണ് ആദ്യമെത്തിയത്. പരിക്കേറ്റവരെ ആശുപത്രികളിലെത്തിക്കാനും മൃതദേഹങ്ങൾ വൃത്തിയാക്കാനും ജമാഅത്ത് പ്രവർത്തകർ മൂന്ന് ഹോസ്പിറ്റലുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു. താലൂക്ക് ആശുപത്രി സൂപ്രണ്ടുമായി ബന്ധപ്പെട്ട് ജമാഅത്തെ ഇസ്‌ലാമി സേവനവിഭാഗമായ ഐഡിയൽ റിലീഫ് വിംഗ് (ഐ.ആർ.ഡബ്ലിയു) തിരുവനന്തപുരം യൂനിറ്റിന്റെ ആംബുലൻസ് രജിസ്റ്റർ ചെയ്ത് സേവനപ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്തു. ഹരിപ്പാട് ഹുദാട്രസ്റ്റ് ഹോസ്പിറ്റലിന്റെയും പെരുമ്പിലാവ് അൻസാർ ഹോസ്പിറ്റലിന്റെയും ആംബുലൻസുകളും സേവനനിരതമായിരുന്നു. ഐ.ആർ.ഡബ്ലിയുവിന്റെ പരിശീലനം ലഭിച്ച പ്രവർത്തകരും എത്തിക്കൽ മെഡിക്കൽ ഫോറത്തിന്റെ നേതൃത്വത്തിൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും *മാധ്യമം* ഹെൽത്ത് കെയറിന്റെ മൊബൈൽ മെഡിക്കൽ സംഘവും സോളിഡാരിറ്റി-ജമാഅത്ത് വനിതാ വിഭാഗ പ്രവർത്തകരും കൊല്ലം, ആലപ്പുഴ, കുളച്ചൽ, കന്യാകുമാരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഇന്തോനേഷ്യയിലെ ബന്ദെ ആച്ചെ തുടങ്ങിയ സ്ഥലങ്ങളിലെ ദുരിതാശ്വാസ പ്രവർത്തനത്തിൽ സജീവമായിരുന്നു.

ദുരിതബാധിതർക്കായി വിവിധ സ്ഥലങ്ങളിൽ നിരവധി ക്യാമ്പുകൾ ജമാഅത്ത് തുറക്കുകയുണ്ടായി. കരുനാഗപ്പള്ളി ഫിഷറീസ് സ്കൂളിൽ ജമാഅത്ത് പ്രവർത്തകർ ആരംഭിച്ച റിലീഫ് ക്യാമ്പ് 1500-ൽപരം ആളുകൾക്ക് അഭയകേന്ദ്രമായി മാറി. കൊല്ലം, ആലപ്പുഴ ജില്ലകളിലായി 27-ലധികം ദുരിതാശ്വാസ ക്യാമ്പുകൾക്കാണ് ജമാഅത്തെ ഇസ്‌ലാമി നേതൃത്വം നൽകിയത്. ഭക്ഷണം, വസ്ത്രം തുടങ്ങിയ അവശ്യസാധനങ്ങൾ വിതരണം ചെയ്യാനും ശുചീകരണ പ്രവർത്തനങ്ങൾ നടത്താനും സർക്കാർ ക്യാമ്പുകളിൽപോലും ജമാഅത്ത് പ്രവർത്തകരാണ് നേതൃത്വം നൽകിയത്. ആദ്യഘട്ടത്തിൽ ജമാഅത്താണ് ക്യാമ്പുകൾ ആരംഭിച്ചത്. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ സർക്കാർ ക്യാമ്പുകൾ ഏറ്റെടുത്തതായി വിജ്ഞാപനമിറക്കിയെങ്കിലും ഉത്തരവാദിത്വം ജമാഅത്ത് പ്രവർത്തകർക്ക് തന്നെയായിരുന്നു. ചെറിയഴീക്കൽ അരയവംശ പരിപാലനയോഗം ഓഫീസിനോടനുബന്ധിച്ച് റിലീഫ് ക്യാമ്പ് തുറക്കാൻ അതിന്റെ ഭാരവാഹികൾ ആവശ്യപ്പെട്ടതനുസരിച്ച് അവരുമായി സഹകരിച്ച് ജമാഅത്ത് ക്യാമ്പ് ആരംഭിച്ചു. വസ്ത്രവും ഭക്ഷണവും മറ്റ് അവശ്യസാധനങ്ങളും ക്യാമ്പുകളിലെത്തിക്കുന്ന ഇതര സന്നദ്ധസംഘടനകൾ അവ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരെ ഏൽപിക്കുകയാണുണ്ടായത്.

ആദ്യഘട്ടത്തിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ജമാഅത്ത് പ്രവർത്തകർ വഹിച്ച പങ്കാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. കിലോമീറ്ററുകളോളം മണ്ണിനടിയിൽ പെട്ടുപോയ റോഡുകൾ മണ്ണുനീക്കി ഗതാഗത യോഗ്യമാക്കാനും ദുരിതബാധിത പ്രദേശത്തും ക്യാമ്പുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്താനും പ്രവർ

ത്തകർ പ്രത്യേക ഗ്രൂപ്പുകളായാണ് പ്രവർത്തിച്ചത്. ദുരിത ബാധിത പ്രദേശത്തിലെ വളർത്തു മൃഗങ്ങളുടെ ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന മൃതശരീരങ്ങളും കെട്ടിടാവശിഷ്ടങ്ങളും ആയിരക്കണക്കിനാളുകൾ ദിവസങ്ങളോളം കഴിഞ്ഞ അഭയാർഥി ക്യാമ്പുകളിലെ മാലിന്യങ്ങളും നീക്കം ചെയ്യുന്നതിൽ പ്രവർത്തകർ കാണിച്ച ശ്രദ്ധയും ഊർജസ്വലതയും ഏറെ ശ്രദ്ധിക്കപ്പെടുകയും പകർച്ച വ്യാധികളിൽനിന്ന് ആ പ്രദേശങ്ങളെ രക്ഷിക്കുകയും ചെയ്തു. രാത്രി വൈകിയും ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെട്ട ജമാഅത്തെ ഇസ്‌ലാമിയുടെ മൊബൈൽ ക്ലിനിക് യൂനിറ്റിന്റെ പ്രവർത്തനങ്ങൾ പലരെയും വിസ്മയിപ്പിച്ചു. ആയിരങ്ങൾ കഴിയുന്ന അഭയാർഥി ക്യാമ്പുകളിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ വളരെവേഗം ഭംഗിയായി പൂർത്തീകരിക്കാൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർക്കുമാത്രമേ സാധിച്ചുള്ളൂ. സമ്മേളനങ്ങൾ നടത്തിയ മുൻപരിചയമാണ് പ്രവർത്തകർക്ക് തുണയായത്. പെരുമ്പിലാവ് അൻസാർ ഹോസ്പിറ്റൽ, തിരുവനന്തപുരം കിംസ് ഹോസ്പിറ്റൽ, ഹരിപ്പാട് ഹുദാ ട്രസ്റ്റ് ഹോസ്പിറ്റൽ, എത്തിക്കൽ മെഡിക്കൽ ഫോറം തുടങ്ങിയവയിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമുൾപ്പെടുന്ന മൊബൈൽ മെഡിക്കൽ ടീം 18 റിലീഫ് ക്യാമ്പുകളിൽ മെഡിക്കൽ സഹായം നൽകി. ക്യാമ്പുകളിൽ വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ച കുടിവെള്ളം വാട്ടർ അതോറിറ്റിയിൽനിന്നു ശേഖരിച്ച് വിതരണം ചെയ്യുന്നതിലും പ്രവർത്തകർ ശ്രദ്ധിച്ചു.

കലക്ടർ, ഡി.ജി.പി, ജില്ലാ-പഞ്ചായത്ത് ഭരണാധികാരികൾ മന്ത്രിമാർ തുടങ്ങിയവരെല്ലാം ജമാഅത്തെ ഇസ്‌ലാമിയെ സമീപിച്ചുകൊണ്ടാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തിയത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയതും സന്നദ്ധസംഘടനകൾക്ക് പ്രവർത്തനമാർഗങ്ങൾ തുറന്നു കൊടുത്തതും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങളാണ്. ഐ.ആർ.ഡബ്ലിയു ഉൾപ്പെടെയുള്ള ജമാഅത്ത് വിംഗുകളുടെ സേവനപ്രവർത്തനങ്ങൾ മാതൃകയാക്കിയാണ് മററു സന്നദ്ധസംഘടനകളും പ്രവർത്തിച്ചത്. ക്യാമ്പുകളിൽ കഴിയുന്നവർക്ക് തുടക്കത്തിൽ 1000 രൂപയുടെ സർക്കാർ സഹായത്തിനുള്ള ലിസ്റ്റ് തയാറാക്കാൻ ഗവൺമെന്റ് ഉത്തരവാദപ്പെടുത്തിയതും ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരെയായിരുന്നു. ആർ.എസ്.എസുകാർ പോലും ആദരവോടെയാണ് ജമാഅത്ത് പ്രവർത്തകരോട് ഇടപെട്ടതും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സഹകരിച്ചതും.

തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ജില്ലകളിലെ വിവിധ മേഖലകളിൽ ജോലിചെയ്യുന്നവരും വ്യത്യസ്ത തലത്തിലുള്ളവരുമായ സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധരും ഉൾപ്പെടെയുള്ള പ്രസ്ഥാനപ്രവർത്തകർ സൂനാമി ബാധിതർക്ക് ആശ്വാസമെത്തിക്കാനായി ഓടിയെത്തുകയും ദിനരാത്രങ്ങൾ ദുരിതബാധിതരോടൊപ്പം കഴിക്കുകയും ചെയ്തു. ദിവസങ്ങളോളം രാത്രി ഒരുമണിക്കൂർ പോലും ഉറങ്ങാതെ സേവനനിരതരായിരുന്നു പ്രവർത്തകർ. രാത്രി വൈകിയും അഭയാർഥി ക്യാമ്പിൽ ശുചീകരണം നടത്തിക്കൊണ്ടിരുന്ന ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനെ പരിചയപ്പെട്ട അഭയാർഥികളിലൊരാൾ അത്ഭുതപ്പെട്ടു: 'സർക്കാർ സർവീസിൽ ഉയർന്ന എഞ്ചിനീയറായി ജോലിചെയ്യുന്നയാളാണോ ഞങ്ങളുടെ ക്യാമ്പിൽ പാതിരാവിലും മാലിന്യങ്ങൾ നീക്കം ചെയ്യുകയും സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുകയും ചെയ്യുന്നത്!' ഇങ്ങനെ ഒട്ടേറെ ഹൃദയസ്പർശിയായ അനുഭവങ്ങൾ സൂനാമി ബാധിതരുടെ മനസ്സിൽ മായാതെ നിൽക്കുന്നു.

## വർഗീയതക്കെതിരെ

മത-ജാതി വിഭാഗീയതകൾക്കതീതമായി മാനവികതയുടെ സന്ദേശമുയർത്തിപ്പിടിച്ച ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ദുരന്തഭൂമിയിൽ ജമാഅത്തെ ഇസ്‌ലാമി നടത്തിയത്. പക്ഷേ, അവിടെയും വർഗീയകാർഡിറക്കി ലാഭം കൊയ്യാൻ ചിലർ ശ്രമിക്കുകയുണ്ടായി. എന്നാൽ, അത്തരം ശ്രമങ്ങളെ ദുരന്തബാധിതരായ ഭൂരിപക്ഷ സമുദായാംഗങ്ങൾ തന്നെ ചെറുത്തു തോൽപിക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്.

ദുരന്തബാധിതർക്ക് സഹായഹസ്തവുമായെത്തിയ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർക്ക് ക്ഷേത്രങ്ങളും കരയോഗം ഓഫീസുകളും അരയസമാജമന്ദിരങ്ങളും തുറന്നുകൊടുക്കുകയും പ്രവർത്തന സ്വാതന്ത്ര്യം നൽകുകയും ചെയ്തു തദ്ദേശവാസികൾ. ക്ഷേത്ര കോമ്പൗണ്ടുകളിൽ ക്യാമ്പുകൾ തുടങ്ങാൻ അവർതന്നെ ജമാഅത്തെ ഇസ്‌ലാമിയോട് ആവശ്യപ്പെടുകയുണ്ടായി. അരയസമാജവും ജമാഅത്തെ ഇസ്‌ലാമിയും സഹകരിച്ചാണ് പലയിടങ്ങളിലും പ്രവർത്തിച്ചത്. റിലീഫ് പ്രവർത്തനങ്ങൾക്കെത്തിയ ജമാഅത്ത് പ്രവർത്തകർക്ക് നമസ്കരിക്കാൻ എൻ.എസ്.എസ് സ്കൂളിലും മറ്റും തദ്ദേശവാസികൾ സൗകര്യമൊരുക്കിക്കൊടുത്തു. രണ്ട് ജുമുഅ നമസ്കാരങ്ങളും അവിടങ്ങളിൽ നടന്നു. ഇപ്പോഴും അവിടെയെത്തുന്ന പ്രസ്ഥാന പ്രവർത്തകർക്ക് നമസ്കരിക്കാൻ അവർ തങ്ങളുടെ വീടുകളിൽ സൗകര്യം നൽകുന്നത് നിറഞ്ഞ സന്തോഷത്തോടെയാണ്. 'ഇവിടെ ഒരു മുസ്‌ലിംപോലും ഇല്ലാതിരുന്നിട്ടും ഞങ്ങൾ ഹിന്ദുക്കളെ ഒറ്റപ്പെട്ടുകിടന്നവരെ നിങ്ങൾ സഹായിച്ചു'വെന്ന് സന്തോഷത്തോടെ അനുസ്മരിക്കുന്നവരെ എനിക്ക് കാണാനായി.

ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ പ്രദേശത്ത് റിലീഫ് ക്യാമ്പ് തുറക്കാൻ വന്ന ആർ.എസ്.എസ് പ്രവർത്തകരെ വിലക്കിക്കൊണ്ട് കരയോഗക്കാർ പറഞ്ഞു: ഞങ്ങൾ ജമാഅത്തെ ഇസ്‌ലാമിയെ വിളിച്ചിട്ടുണ്ട്, അവർ ക്യാമ്പ് തുറന്നാൽ മതി. 'പെറ്റുമ്മയുള്ളപ്പോൾ പോറ്റുമ്മ വേണ്ട' എന്നെഴുതിയ പോസ്റ്ററുകൾ വർഗീയ ചിന്തയോടെ ചിലർ പതിക്കുകയുണ്ടായി. എന്നാൽ പ്രദേശവാസികൾ തന്നെ അത് കീറിക്കളയുകയാണുണ്ടായത്. ആർ.എസ്.എസും സേവാഭാരതിയും പലരീതിയിലും ദുരന്തഭൂമിയിൽ വർഗീയ ധ്രുവീകരണത്തിന് ശ്രമിച്ചുവെങ്കിലും അതൊന്നും വിജയിക്കുകയുണ്ടായില്ല. ജമാഅത്തെ ഇസ്‌ലാമി നിങ്ങളെ മതംമാറ്റാനാണ് ശ്രമിക്കുന്നതെന്നുവരെ അവർ പ്രചരിപ്പിച്ചു. പക്ഷേ, ജനങ്ങൾ അതെല്ലാം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയാണുണ്ടായത്. മുരളി മനോഹർ ജോഷിയെ ഇതേലക്ഷ്യം വെച്ച്കൊണ്ടുവന്നെങ്കിലും ജനങ്ങൾ അദ്ദേഹത്തെ ബഹിഷ്കരിച്ചു. വർഗീയ ധ്രുവീകരണം സംഭവിക്കുമെന്ന് തോന്നിയ ഒരു ഘട്ടത്തിൽ ജനങ്ങളുടെ ചെറുത്തുനിൽപിനു പുറമെ സി.പി.എമ്മിന്റെ അവസരോചിതമായ ഇടപെടലും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തന ശൈലിയും അത്തരമൊരവസ്ഥയിൽനിന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളെ രക്ഷപ്പെടുത്തുകയാണുണ്ടായത്.

ഇത്തരം വൈതരണികളെല്ലാം മറികടന്നുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിയുടെ എളിയ പ്രവർത്തകർ അത്യധ്വാനം ചെയ്തുകൊണ്ട് സേവനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നത്. പുനരധിവാസ പദ്ധതികൾ അന്തിമഘട്ടത്തിലെത്തി നിൽക്കുകയാണ്. ജമാഅത്ത് നിർമിച്ചു നൽകിയ വീടുകളിൽ കഴിയുന്നവരും ഫൈബർ ബോട്ടുകളും ചെറുവള്ളങ്ങളും വലകളും മറ്റു തൊഴിലുപകരണങ്ങളുമുപയോഗിച്ച് ജീവിതവൃത്തി കണ്ടെത്തുന്നവരും ഏറെ സന്തോഷത്തോടെയാണ് ജമാഅത്തിന്റെ സേവന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെച്ചത്. ■

അടുത്ത ലക്കത്തിൽ:
**പുനരധിവാസ പ്രവർത്തനങ്ങൾ**